**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം നഗരസഭ - സാനിട്ടറി വർക്കർ ശ്രീ. ആർ. വിജയന്റെ ഭാര്യയുടെ ചികിത്സാർത്ഥം പലിശ രഹിത വായ്പയായി അനുവദിച്ച തുക മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ ക്രമവൽക്കരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.=================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 3406/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 18.11.2015.

=================================================================

പരാമർശം:- 1) 30.12.2010-ലെ സ.ഉ. (ആർ.ടി) നം. 4045/2010/ത.സ്വ.ഭ.വ.
2) നഗരകാര്യ ഡയറക്ടറുടെ 26.05.2015-ലെ ഡി.സി.1/5676/2015 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം നഗരസഭയിലെ സാനിട്ടേഷൻ വർക്കറായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ. ആർ. വിജയന്റെ ഭാര്യയ്ക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ചികിത്സയ്ക്കായി പരാമർശത്തിലെ സർക്കാർ ഉത്തരവു പ്രകാരം പലിശ രഹിത വായ്പയായി അനുവദിച്ച 1,25,000/- തുകയിൽ ഈ ഇനത്തിൽ ചെലവായ 94,193/- രൂപ മെഡിക്കൽ റീ ഇംബേഴ്സ്മെന്റിനത്തിൽ ക്രമവൽക്കരിക്കണമെന്ന് നഗരകാര്യ ഡയറക്ടർ പരാമർശത്തിലെ കത്ത് മുഖാന്തിരം ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം നഗരസഭയിൽ സാനിട്ടേഷൻ വർക്കറായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ. ആർ. വിജയന്റെ ഭാര്യയ്ക്ക് പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം പലിശരഹിത വായ്പയായി അനുവദിച്ച 1,25,000/- രൂപയിൽ ഈ ഇനത്തിൽ ചെലവായ 94,193/- രൂപ മെഡിക്കൽ റീ ഇംബേഴ്സ്മെന്റിനത്തിൽ ക്രമവൽക്കരിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**സോണിയ വാഷിംഗ്ടൺ,**
**അണ്ടർ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ.
ശ്രീ. ആർ. വിജയൻ, സാനിട്ടേഷൻ വർക്കർ, തിരുവനന്തപുരം നഗരസഭ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**